പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1223 | 31.10.2019- ൽ മറുപടിക്ക്

**<u>പട്ടാമ്പി പാലത്തിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പട്ടാമ്പി പാലത്തിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനായി നല്കിയിരുന്ന പ്രപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) പ്രസ്തുത പ്രവൃത്തിയുടെ 15,20,000 രൂപയുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് ഭരണാനുമതിക്കും തുകയ്ക്കും വേണ്ടി പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രപ്പോസൽ എന്നാണ് പൊതുമരാമത്ത്(ഇലക്ട്രിക്കൽ) വിഭാഗത്തിൽ ലഭിച്ചതെന്നും അത് നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും തീയതി സഹിതം വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പ്രൊപ്പോസൽ 13-09-2018-ന് ഇ-മെയിൽ വഴി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് ലഭിച്ചു. തുടർന്ന് പാലക്കാട് ജില്ല കളക്ടർക്ക് 22/10/2018 തീയതിയിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രപ്പോസലിന്മേൽ എന്തെങ്കിലും മറുപടി സ്ഥലം എം.എൽ.എയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) പ്രസ്തുത പ്രൊപ്പോസലിന്മേലുള്ള നടപടികൾ സ്വീകരിക്കേണ്ടത് ജില്ല കളക്ടറാണ്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമില്ല എങ്കിൽ അതിനുള്ള നടപടികൾ അടിയന്തരമായി ആരംഭിക്കുവാൻ സാധിക്കുമോ എന്നറിയിക്കാമോ? | (ഡി) ഭരണാനുമതിയും തുകയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ